**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3825** **09-10-2025 - ൽ മറുപടിയ്ക്ക്**

**ബൗദ്ധിക വെല്ലുവിളി നേരിടുന്നവർക്ക് പ്രത്യേക തൊഴിൽ പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ഡോ. ആർ. ബിന്ദു**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ബൗദ്ധിക വെല്ലുവിളി നേരിടുന്ന 18 വയസ്സ കഴിഞ്ഞവർക്ക് പ്രത്യേകതൊഴിൽ പരിശീലന സംവിധാനങ്ങൾ ഒന്നും നിലവിലില്ലാത്ത സ്ഥിതിക്ക് ഇവർക്ക് മതിയായ തൊഴിൽ പരിശീലനം നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ; | (എ) | വിവിധ വിഭാഗം ഭിന്നശേഷിക്കാർക്കുള്ള തൊഴിൽ പരിശീലനങ്ങൾ എൻ.ജി.ഒ.- കൾ മുഖേന നൽകുന്ന **അതിജീവനം** പദ്ധതി വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>കൂടാതെ ബൗദ്ധിക വെല്ലുവിളി നേരിടുന്ന 18 വയസ്സ കഴിഞ്ഞവർക്ക് **പ്രചോദനം** എന്ന പേരിൽ ഒരു പുതിയ പദ്ധതി സാമൂഹ്യനീതി വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. പ്രത്യേക കരിക്കുലത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ പരിശീലനം നൽകുന്നതിനുള്ള അനുമതി നൽകി സ.ഉ(സ്വാധാ) നം.153/2025-എസ്.ജെ.ഡി. തീയതി 17/06/2025പ്രകാരം ഉത്തരവായിട്ടുണ്ട്. (അനുബന്ധം 1-)<br><br>കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ നിന്നായി 8 എൻ.ജി.ഒ കൾ മുഖേന പദ്ധതി നടപ്പാക്കുന്നതിന് നടപ്പുവർഷം 16.09.2025- ലെ സ.ഉ.(സാധാ) നം. 259/2025/എസ്.ജെ.ഡി. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധം-2) മറ്റ് ജില്ലകളിലും നടപ്പിലാക്കുന്ന പദ്ധതി പുരോഗമിച്ചു വരുകയാണ്.<br><br>**അതിജീവനം പദ്ധതി** 2019-20 വർഷം മുതൽ നടപ്പിലാക്കി വരുന്നു. 18 വയസ്സുമുതൽ 40 വയസ്സവരെയുള്ളവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. അതിജീവനം പദ്ധതിയിലൂടെ ഷെൽറ്റേർഡ് വർക്ക്ഷോപ്പ്, പകൽ പരിപാലന കേന്ദ്രങ്ങൾ, തൊഴിൽ പരിശീലന കേന്ദ്രങ്ങൾ എന്നിവയ്ക്ക് ധനസഹായം അനുവദിച്ചു വരുന്നു. ടി പദ്ധതി പ്രകാരം 2024-25 സാമ്പത്തിക വർഷത്തിൽ 12 എൻ.ജി.ഒ കളിലെ 447 ഗുണഭോക്താക്കൾക്ക് സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ബൗദ്ധിക വെല്ലുവിളി നേരിടുന്ന 18 വയസ്സ കഴിഞ്ഞവർക്ക് |

| | | | |
|---|---|---|---|
| | | | സാമൂഹ്യനീതി വകുപ്പ് നേരിട്ടു നടത്തുന്ന തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിലെ കേന്ദ്രങ്ങളിലും തൊഴിൽ പരിശീലനം നൽകുന്നുണ്ട്.<br><br>**നിപ്മർ**: ഭിന്നശേഷിക്കാരായ 18 വയസ്സിന് മുകളിലുള്ള കുട്ടികളുടെ തൊഴിൽ നൈപുണ്യം വികസിപ്പിക്കുന്നതിനായി **എംപവർമെന്റ് ത്രൂ വൊക്കേഷണലൈസേഷൻ ((EM-voc)** എന്ന പദ്ധതി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ & റിഹാബിലിറ്റേഷൻ മുഖേന നടപ്പിലാക്കുന്നുണ്ട്. EM-voc പദ്ധതിയിൽ പ്രത്യേക തൊഴിൽ മേഖലയിലെ അഭിരുചി, ശാരീരിക, മാനസിക ക്ഷമത എന്നിവ വിലയിരുത്തി അനുയോജ്യമായ ട്രേഡിലുള്ള പരിശീലനമാണ് നൽകുന്നത്. 18 വയസിന് മുകളിലുള്ള ഭിന്നശേഷിക്കാരുടെ ശാക്തീകരണത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയുടെ ഭാഗമായി കമ്പ്യൂട്ടർ ട്രെയിംനിംഗ്, ബേക്കിംഗ് ട്രെയിനിംഗ്, ഹോർട്ടികൾച്ചർ ട്രെയിനിംഗ്, ഹൗസ് കീപ്പിംഗ് ട്രെയിനിംഗ് എന്നിവയും നൽകി വരുന്നുണ്ട്.<br><br>**നിഷ്:** സ്കിൽ അക്വിസിഷൻ പ്രോഗ്രാമുമായി (ASAP) സഹകരിച്ച് ജ്വല്ലറി ഡിസൈനർ, സിഎഡി (CAD), ആനിമേറ്റർ, അസിസ്റ്റന്റ് ഫാഷൻ ഡിസൈനർ എന്നിങ്ങനെയുള്ള മൂന്ന് ലെവൽ 4 നൈപുണ്യ വികസന പരിപാടികൾ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് & ഹിയറിംഗ് നടത്തുന്നുണ്ട്. കൂടാതെ, ഫാഷൻ ഡിസൈനർ പ്രോഗ്രാമിന് കീഴിൽ പരിശീലനം നൽകിക്കൊണ്ട് 2024-25 അധ്യയന വർഷത്തേക്കുള്ള പരിശീലന സേവന ദാതാവെന്ന നിലയിൽ തിരുവനന്തപുരം കിൻഫ്ര അപ്പാരൽ പാർക്കിലെ അപ്പാരൽ ട്രെയിനിംഗ് ആൻഡ് ഡിസൈൻ സെന്റർ (ATDC) -മായി സഹകരിക്കുകയും, തിരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാക്കിയ ആദ്യ ബാച്ചിനുള്ള പ്രാഥമിക പരിശീലനം മേനംകുളം കിൻഫ്ര പാർക്കിൽ നിഷ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ആറ് പേരെ നിയമിക്കാൻ HLLസന്നദ്ധത പ്രകടിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ KASE (SANKALPസ്കീം) ധനസഹായത്തോടെ ATDC വഴി ഇന്റലക്ച്വൽ ഡിസെബിലിറ്റി (ID) ഉം ഓട്ടിസം സ്പെക്ട്രം റിലേറ്റഡ് ഡിസോഴ്സസും (ASRD) യുള്ള 10 യുവാക്കൾക്ക് നിഷ് ഫിനിഷർ & പാക്കർ NSQF ലെവൽ 2.5 സ്കിൽ പ്രോഗ്രാം പദ്ധതിയും നിഷ് ആസൂത്രണം ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | അതിതീവ്ര ഭിന്നശേഷിയുള്ള 18 വയസ്സിന് മുകളിലുള്ളവർക്ക് തൊഴിൽ പരിശീലനത്തിനും പുനരധിവാസത്തിനുമായി കഴിഞ്ഞ മൂന്ന് വർഷമായി പ്രതിവർഷം വകയിരുത്തുന്ന 10 കോടി രൂപ ചെലവഴിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതി നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഇനി ഈ പദ്ധതി നടപ്പിലാക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ ; | (ബി) | 2020-21, 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 18 വയസ്സ് കഴിഞ്ഞവരുടെ സംരക്ഷണത്തിനുവേണ്ടി സാമൂഹ്യനീതി വകുപ്പിന്റെ ബഡ്ജറ്റ് ശീർഷകങ്ങളിൽ 10 കോടി രൂപ വകയിരുത്തിയിട്ടില്ല.<br><br>നടപ്പുസാമ്പത്തിക വർഷം ബൗദ്ധിക വെല്ലുവിളി നേരിടുന്നവരുടെ സമഗ്ര വികസനത്തിനായി 2 കോടി രൂപ സാമൂഹ്യനീതി വകുപ്പിന്റെ ബഡ്ജറ്റ് ശീർഷകത്തിൽ വകയിരുത്തി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിച്ച് സർക്കാർ അംഗീകരിച്ച കരിക്കുലത്തിന്റേയും SOP യുടേയും അടിസ്ഥാനത്തിൽ തൊഴിൽ പരിശീലനം, നൈപുണ്യവികസനം എന്നിവ നൽകുന്നതിനായി **പ്രചോദനം** എന്ന പേരിൽ ഒരു പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിന്റെ ആദ്യപടിയായി കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ നിന്നായി 8 എൻ.ജി.ഒ കൾ മുഖേന പദ്ധതി നടപ്പാക്കുന്നതിന് 16.09.2025-ലെ സ.ഉ.(സാധാ)നം. 259/2025/എസ്.ജെ.ഡി. പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>അതിതീവ്ര ഭിന്നശേഷിയുള്ള 18 വയസ്സിനു മുകളിലുള്ളവർക്ക് തൊഴിൽ പരിശീലനത്തിനും പുനരധിവാസത്തിനുമായി പൊതുവിദ്യാഭ്യാസ വകുപ്പിന് കഴിഞ്ഞ മൂന്ന് വർഷമായി ഫണ്ട് വകയിരുത്തിയിട്ടില്ല. ബദ്ധിക വെല്ലുവിളി നേരിടുന്ന 18 വയസ്സിൽ താഴെയുള്ള കുട്ടികൾ പഠിക്കുന്ന സ്കൂളുകൾക്ക് "Financial Assistance to Institutions providing care for intellectually Disabled Children" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുവിദ്യാഭ്യാസ വകുപ്പ് ഗ്രാന്റ് അനുവദിക്കുന്നുണ്ട്. |
| (സി) | ആശ്വാസകിരണം, പെൻഷൻ തുടങ്ങിയ സഹായങ്ങൾ യഥാസമയം ലഭിക്കാത്തതും കുടിശികയാകുന്നതും സ്പെഷ്യൽ സ്കൂളുകളിലെ കുട്ടികളെയും രക്ഷിതാക്കളെയും കഠിനമായ പ്രതിസന്ധിയിലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പദ്ധതികളുടെ വിതരണം സാധാരണ നിലയിലാക്കാനും വർദ്ധിപ്പിക്കാനും സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെ യാണെന്ന് വിശദമാക്കാമോ; | (സി) | തീവ്രമായ ശാരീരിക/മാനസിക ബൗദ്ധിക വെല്ലുവിളി നേരിടുന്നവരെയും, 100% അന്ധത ബാധിച്ചവരെയും, ഓട്ടിസം, സെറിബ്രൽ പാൾസി എന്നീ രോഗങ്ങൾ ബാധിച്ചവരെയും പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധരോഗങ്ങളാലും കിടപ്പിലാവുകയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള ആളുകളേയും അവരുടെ പരിചാരകരെയും ഉൾപ്പെടുത്തി, പരിചരിക്കുന്ന ഒരാൾക്ക് പ്രതിമാസം 600/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസകിരണം. |

| | | | |
|---|---|---|---|
| | | | സ.ഉ. (എം.എസ്) നം. 60/2012/സാക്ഷേവ തീയതി 11.10.2012 ലെ ഉത്തരവ് (അനുബന്ധം-3) പ്രകാരം ടി പദ്ധതിയുടെ മാനദണ്ഡം ലഘൂകരിക്കുകയും പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലാവരെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള മുഴുവൻ ആളുകളുടെ പരിചാരകരെയും കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തികൊണ്ട് ഉത്തരവായിട്ടുള്ളതാണ്. അർഹരായ ഗുണഭോക്താക്കൾക്ക് മാത്രമാണ് ധനസഹായം അനുവദിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിനായി ഗുണഭോക്താക്കളുടെ ആധാർ, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ശേഖരിച്ച് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് 2018 മാർച്ച് 3 1 വരെ ലഭിച്ച അപേക്ഷകരിൽ നിന്നും യഥാസമയം ലൈഫ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നവർക്ക് എല്ലാ വർഷവും ധനസഹായം അനുവദിച്ചുവരുന്നു.<br><br>ആശ്വാസകിരണം പദ്ധതിയുടെ നടത്തിപ്പിനായി നടപ്പ് സാമ്പത്തിക വർഷം (2025-26) ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിട്ടുള്ള 50,00,00,000/- രൂപ (അമ്പത് കോടി രൂപ മാത്രം) യിൽ ആദ്യ ഗഡുവായി ലഭിച്ച 17,50,00,000/- രൂപ (പതിനേഴ് കോടി അമ്പതു ലക്ഷം രൂപ മാത്രം) യിൽ നിന്നും ആദ്യ ഘട്ടത്തിൽ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച 21,623 ഗുണഭോക്താക്കൾക്ക് 2025 അഗസ്റ്റ് മാസം വരെയുമുള്ള ധനസഹായം അനുവദിച്ചിട്ടുണ്ട്. ഭിന്നശേഷിക്കാർക്കടക്കമുള്ള സാമൂഹ്യസുരക്ഷ പെൻഷനും വിതരണം ചെയ്തു വരുന്നുണ്ട്. |
| (ഡി) | അനാഥാലയങ്ങൾക്കും, വൃദ്ധസദനങ്ങൾക്കുമുള്ള രജിസ്ട്രേഷൻ പുതുക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ചു വരുന്ന നടപടിക്രമങ്ങൾ വിശദീകരിക്കാമോ? | (ഡി) | ഓർഫനേജസ് ആൻഡ് അദർ ചാരിറ്റബിൾ ഹോംസ് സൂപ്പർവിഷൻ (കൺട്രോൾ ആക്ട്) 1960 (ആക്ട് 10 - 1960), The Kerala State Orphanages & Other Charitable Homes Supervision and Control 1960 പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിച്ചാണ് അംഗീകാരം പുതുക്കുന്നതിന് ഓർഫനേജ് കൺട്രോൾ ബോർഡ് (OCB) മുഖേന നടപടി സ്വീകരിച്ചു വരുന്നത്. അംഗീകാരം പുതുക്കുന്നതിന് വേണ്ടി നിശ്ചിത ഫോറത്തിലും ചെക്ക് ലിസ്റ്റ് പ്രകാരമുള്ള രേഖകൾ സഹിതം സമർപ്പിക്കുന്ന അപേക്ഷയിന്മേൽ പരിശോധനകൾ നടത്തി ന്യൂനതകൾ ഇല്ലാത്ത അപേക്ഷകൾ ബന്ധപ്പെട്ട ജില്ലാ ചുമതലയുള്ള ബോർഡ് അംഗങ്ങൾക്ക് കൈമാറുകയും ടി ബോർഡ് അംഗം അപേക്ഷിച്ച സ്ഥാപനങ്ങളിൽ നേരിട്ട് പരിശോധന നടത്തി തയ്യാറാക്കുന്ന റിപ്പോർട്ട് അടക്കം ബോർഡിനു മുമ്പാകെ സമർപ്പിക്കുകയും ചെയ്യുന്നു. പരിശോധനകൾക്കും ആവശ്യമെങ്കിൽ |

| | | | |
|---|---|---|---|
| | | | തെളിവെടുപ്പിനു ശേഷം ടി അപേക്ഷയിന്മേൽ പുതുക്കൽ/ അംഗീകരിക്കൽ/ നിരാകരിക്കൽ സംബന്ധിച്ച തീരുമാനം ബോർഡ് കൂട്ടായി തീരുമാനിക്കുന്നു.<br><br>ആയതിന്റെ അടിസ്ഥാനത്തിൽ അംഗീകരിക്കുന്നതിനോ, പുതുക്കുന്നതിനോ തീരുമാനിച്ചിട്ടുണ്ടെങ്കിൽ ചെയർമാന്റെ കൈയ്യൊപ്പോടു കൂടിയ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട സ്ഥാപനത്തിന് അയച്ചു നൽകുന്നു. ടി നടപടി നിരാകരിക്കുന്നതാണെങ്കിൽ ടി വിവരം ബന്ധപ്പെട്ട സ്ഥാപനത്തെ രേഖാമൂലം അറിയിക്കുന്നു. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാമൂഹ്യനീതി വകുപ്പ് - പ്രചോദനം പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട Special Curriculum for Agro Farming, Special Curriculum for Non Agricultural Trades, Special Curriculum for Animal Farming എന്നീ മൂന്ന് വ്യത്യസ്ത പാഠ്യപദ്ധതികൾ(കരിക്കുലം), SOP എന്നിവ അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.153/2025/SJD തീയതി,തിരുവനന്തപുരം, 17-06-2025

---

പരാമർശം:- 1. 23.01.2024 തീയതിയിലെ സ.ഉ. (സാധാ) നം.27/2024/സാ.നീ.വ . നം. ഉത്തരവ്

2. സാമൂഹ്യനീതി ഡയറക്ടറുടെ 03.04.2025-ലെ SJD/1165/2021-D2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ബൗദ്ധിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ ഉപജീവനമാർഗ്ഗത്തിന് ഉതകുന്ന രീതിയിലുള്ള പ്രത്യേക പാഠ്യപദ്ധതിയായ പ്രചോദനം പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട ചുവടെ പറയുന്ന മേഖലകളിലെ മൂന്നു വ്യത്യസ്ത പാഠ്യപദ്ധതികൾ പരാമർശം (1) ഉത്തരവ് പ്രകാരം സർക്കാർ രൂപീകരിച്ച കരിക്കുലം കമ്മിറ്റി പരിശോധിച്ച് അംഗീകാരത്തിനായി ശിപാർശ ചെയ്തിട്ടുണ്ട്.

1. കാർഷിക കൃഷിയ്ക്ക് വേണ്ടിയുള്ള പ്രത്യേക പാഠ്യപദ്ധതി

2. കാർഷികേതര പ്രവർത്തനത്തിനുള്ള പ്രത്യേക പാഠ്യപദ്ധതി

3. മൃഗസംരക്ഷണത്തിനുള്ള പ്രത്യേക പാഠ്യപദ്ധതി

2. പ്രസ്തുത പാഠ്യപദ്ധതിയിൽ ബൗദ്ധിക വെല്ലുവിളി നേരിടുന്നവർക്കുള്ള വിഷയങ്ങൾ വിശദമായി ഉൾപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലായിരിക്കും കോഴ്സുകൾ നടത്തപ്പെടുന്നതെന്നും, പുതിയ കരിക്കുലം സംബന്ധിച്ചുള്ള പരിശീലനം എംപാനൽഡ് സ്ഥാപനങ്ങൾക്ക് നൽകേണ്ടതുള്ളതിനാൽ പ്രൊജക്ട് മോണിറ്ററിംഗ് സെൽ-ന്റെ പ്രവർത്തനം ആവശ്യമുണ്ടെന്നും, സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള നിഷ്, നിപ്മർ തുടങ്ങിയ ഏജൻസികൾ മുഖേനയോ സാമൂഹ്യനീതി ഡയറക്ടർ തീരുമാനിക്കുന്ന മറ്റ് സർക്കാർ അംഗീകൃത ടെക്നിക്കൽ ഏജൻസികൾ മുഖേനയോ ട്രെയിനിംഗ് നൽകാവുന്നതാണെന്നും ട്രെയിനിംഗ്, കരിക്കുലം

preparation, monitoring എന്നിവയ്ക്ക് ആവശ്യമുള്ള പക്ഷം ടെക്നിക്കൽ സപ്പോർട്ടിനായുള്ള consultants-ന്റെ സേവനം സാമൂഹ്യനീതി ഡയറക്ടറുടെ കാര്യാലയത്തിൽ ലഭ്യമാക്കുന്നതാണെന്നും, ഈ വർഷം 14 ജില്ലകളിൽ ഓരോ പ്രൊജക്റ്റ് വീതം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും, പരാമർശം (2) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചിരിക്കുന്നു. .

**3.** പ്രചോദനം പദ്ധതിയ്ക്ക് നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റ് അലോക്കേഷൻ വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം ലഭ്യമായാലുടൻ E O I ക്ഷണിച്ച സ്ഥാപനങ്ങളെ പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ നടത്തുന്നതിനുള്ള NGOs നെ തിരഞ്ഞെടുത്ത് അംഗീകാരത്തിനായി ശിപാർശ സർക്കാരിലേക്ക് സമർപ്പിക്കുന്നതാണെന്നും, കേരള സർക്കാരിന് കീഴിലുള്ള എല്ലാ റിക്രൂട്ട്മെന്റ് ഏജൻസികളും ഈ കരിക്കുലം അടിസ്ഥാനമാക്കി നൽകുന്ന സർട്ടിഫിക്കറ്റ് സർക്കാർ അംഗീകൃതം ആയി കണക്കാക്കുന്നതിന് ആവശ്യമായ നടപടി കൂടി സർക്കാർ തലത്തിൽ സ്വീകരിക്കണമെന്നും സാമൂഹ്യനീതി ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.പരാമർശം (1) ലെ ഉത്തരവ് പ്രകാരം സർക്കാർ രൂപീകരിച്ച കരിക്കുലം കമ്മിറ്റി പരിശോധിച്ച് അംഗീകാരത്തിനായി ശിപാർശ ചെയ്ത് പ്രചോദനം പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട Special Curriculum for Agro Farming, Special Curriculum for Non Agricultural Trades, Special Curriculum for Animal Farming എന്നീ മൂന്നു വ്യത്യസ്ത പാഠ്യപദ്ധതികൾ അംഗീകരിക്കുന്നതിനും, കേരള സർക്കാരിന് കീഴിലുള്ള എല്ലാ റിക്രൂട്ട്മെന്റ് ഏജൻസികളും ഈ കരിക്കുലം അടിസ്ഥാനമാക്കി നൽകുന്ന സർട്ടിഫിക്കറ്റ് സർക്കാർ അംഗീകൃതം ആയി പരിഗണിക്കണമെന്നും സാമൂഹ്യനീതി ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.പ്രചോദനം പദ്ധതിയിൽ ഉൾ പ്പെടുത്തേണ്ട Special Curriculum for Agro Farming, Special Curriculum for Non Agricultural Trades, Special Curriculum for Animal Farming എന്നീ മൂന്ന് വ്യത്യസ്ത പാഠ്യപദ്ധതികൾ, SOP എന്നിവ അംഗീകരിച്ചുകൊണ്ടും, കേരള സർക്കാരിന് കീഴിലുള്ള എല്ലാ റിക്രൂട്ട്മെന്റ് ഏജൻസികളും നടത്തുന്ന മത്സരപരീക്ഷകളിൽ ഈ കരിക്കുലം അടിസ്ഥാനമാക്കി നൽകുന്ന സർട്ടിഫിക്കറ്റ് ഉപയോഗിക്കുന്നതിന് അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ അദീല അബ്ദുള്ള ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
ഫാദർ റോയ് മാത്യു വടക്കേൽ, ഡയറക്ടർ, വി.കെയർ സെന്റർ, തമ്പലക്കാട് പി.ഒ., കാഞ്ഞിരപ്പള്ളി, കോട്ടയം.
ഡോ. ത്രേസ്യക്കുട്ടി തോമസ്, വി.കെയർ സെന്റർ, തമ്പലക്കാട് പി.ഒ., കാഞ്ഞിരപ്പള്ളി, കോട്ടയം.
എക്സിക്യൂട്ടീവ് ഡയറക്ടർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്പീച്ച് & ഹീയറിംഗ് (NISH)
പ്രിൻസിപ്പൽ, ഗവ. ഐ.റ്റി.ഐ., ചാക്ക, തിരുവനന്തപുരം.
ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദ മെന്റലി ചലഞ്ച്ഡ്, (SIMC), തിരുവനന്തപുരം.
ഡോ. ബേല, പ്രൊഫസർ, ഡിപ്പാർട്ടുമെന്റ് ഓഫ് കമ്മ്യൂണിറ്റ് സയൻസ്
ഡോ. ആർ.വിജയൻ, റിട്ട. പ്രൊഫസർ ആന്റ് ഹെഡ്ഓഫ് ഡിപ്പാർട്ടുമെന്റ്, ഡിപ്പാർട്ടുമെന്റ്

ഓഫ് ആനിമൽ ഹസ്ബന്ററി, കോളേജ് ഓഫ് അഗ്രിക്കൾച്ചർ
എക്സിക്യൂട്ടീവ് ഡയറക്ടർ, NIPMR, കല്ലേറ്റുംകര, തൃശ്ശൂർ.
സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റ്, ആഞ്ജനേയ, ശാസ്തമംഗലം
അക്കൗണ്ടന്റ് ജനറൽ (എ ജി/ഓഡിറ്റ്) കേരള
ഉന്നതവിദ്യാഭ്യാസ വകുപ്പ്.
പൊതുവിദ്യാഭ്യാസ വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് &ന്യൂമീഡിയ വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ബഹു. ഉന്നതവിദ്യാഭ്യസവകുപ്പുമന്ത്രിയുടെ പി.എസ്.ന്
സ്പെഷ്യൽ സെക്രട്ടറിയുടെ സി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് -ബൗദ്ധിക വെല്ലുവിളി നേരിടുന്നവരുടെ സമഗ്ര വികസനത്തിനായി സർക്കാർ അംഗീകരിച്ച കരിക്കുലത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതല കമ്മിറ്റി തെരഞ്ഞെടുത്ത സംസ്ഥാനത്തെ 8 ജില്ലകളിൽനിന്നുള്ള സ്ഥാപനങ്ങളെ പ്രചോദനം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അനുമതിനൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാമൂഹ്യനീതി (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.259/2025/SJD തീയതി,തിരുവനന്തപുരം, 16-09-2025

പരാമർശം:-

1 1.9/05/2025 ലെ സ.ഉ.,(സാധാ) നം.106/2025/SJD നമ്പർ ഉത്തരവ്.

2. 17/06/2025 ലെ സ.ഉ.,(സാധാ) നം.153/2025/SJD നമ്പർ ഉത്തരവ്.

3. 30/06/2026 സ.ഉ.,(സാധാ) നം.177/2025/SJD നമ്പർ ഉത്തരവ്.

4 സാമൂഹ്യനീതി ഡയറക്ടറുടെ 12.08.2025, തീയതിയിലെ SJD/2077/2025-D4 നമ്പർ കത്ത്.

**ഉത്തരവ്**

2025-26 സാമ്പത്തികവർഷം കേരളത്തിലെ 14 ജില്ലകളിൽനിന്നും ഒരു സ്ഥാപനം എന്ന രീതിയിൽ പൈലറ്റ് അടിസ്ഥാനത്തിൽ പ്രചോദനം പദ്ധതി നടപ്പിലാക്കുന്നതിലേക്കായി ₹ 1,47,02,360/- രൂപ അനുവദിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പരാമർശം (3) ഉത്തരവ് പ്രകാരം മേൽ ഉത്തരവ് പ്രകാരം തുക അനുവദിച്ച 2235-02-101-73 (പി)എന്ന ശീർഷകത്തിന് പകരം 2235-60-200-73 (പി) എന്ന് ഭേദഗതി വരുത്തി ഉത്തരവായിരുന്നു.

2. ബൗദ്ധിക വെല്ലുവിളി നേരിടുന്നവരുടെ സമഗ്ര വികസനത്തിനായി സർക്കാർ അംഗീകരിച്ച കരിക്കുലത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽപരിശീലനം, നൈപുണ്യവികസനം എന്നിവ നൽകുന്നതിനായി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രചോദനം പദ്ധതിയിൽ

ഉൾപ്പെടുത്തേണ്ട മൂന്ന് വ്യത്യസ്ത പാഠ്യപദ്ധതികൾ, SOP എന്നിവ അംഗീകരിച്ചുകൊണ്ടും, കേരള സർക്കാരിന് കീഴിലുള്ള എല്ലാ റിക്രൂട്ടിംഗ് ഏജൻസികളും നടത്തുന്ന മത്സര പരീക്ഷകളിൽ ഈ കരിക്കുലം അടിസ്ഥാനമാക്കി നൽകുന്ന സർട്ടിഫിക്കറ്റ് ഉപയോഗിക്കുന്നതിന് അനുമതി നൽകികൊണ്ടും പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. പ്രചോദനം പദ്ധതിയിലുൾപ്പെടുത്തേണ്ട ബൗദ്ധിക വെല്ലുവിളി നേരിടുന്നവരുടെ സമഗ്ര വികസനത്തിനായി സർക്കാർ അംഗീകരിച്ച കരിക്കുലത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽപരിശീലനം, നൈപുണ്യവികസനം എന്നിവ നൽകുന്നതിനായി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രചോദനം പദ്ധതിയിലേക്ക് താൽപര്യപത്രം ക്ഷണിച്ച് ജില്ലകളിൽ അപേക്ഷ സ്വീകരിയ്ക്കുകയും ജില്ലാതല കമ്മിറ്റിയുടെ ശുപാർശ സഹിതം ലഭിച്ച അപേക്ഷകൾ സംസ്ഥാനതല സമിതി (ടെക്നിക്കൽ കമ്മിറ്റി) 08/07/2025 തീയതിയിൽ ചേർന്ന ടെക്നിക്കൽ കമ്മിറ്റി വിലയിരുത്തുകയും ചെയ്തിട്ടുണ്ടെന്നും, ടെക്നിക്കൽ കമ്മിറ്റിയുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത ചുവടെപ്പറയുന്ന 8 സ്ഥാപനങ്ങളെ പ്രചോദനം പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകരിക്കണമെന്നും സാമൂഹ്യനീതി ഡയറക്ടർ പരാമർശം (4) ലെ കത്ത് പ്രകാരം അറിയിച്ചിരുന്നു.

1. Holly Cross Pratheesha Special School, Neendakara, Kollam.
2. Deepthi VTC, Pathanamthitta
3. Aswas VTC, Vazhoor, Angeles Village, 19th Mile, Vazhoor P.O, Chenkal, Kottayam- 686504.
4. Pratheeksha Bhavan School for Mentally retarded children, Thodupuzha, Idukki
5. Pop. Poul Mercy Home Prathyasabhavan, VTC, Thrissur
6. VKM Vocational Training Institute, Puramannoor P.O., Malappuram
7. Mercy Home VTC for intellectually challenged, Anappara, Chulliyode P.O., Wayanad
8. Thanal - Daya Rehabilitation Trust, Thanal Centre for Development Employbility for persons with Disabilities, Khidma Thanal Snehaveedu, Avera, Kuruva P.O., Kannur

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബൗദ്ധിക വെല്ലുവിളി നേരിടുന്നവരുടെ സമഗ്ര വികസനത്തിനായി സർക്കാർ അംഗീകരിച്ച കരിക്കുലത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ

കമ്മിറ്റി ശിപാർശ ചെയ്തിട്ടുള്ള അപേക്ഷകളിൽനിന്നും സംസ്ഥാനതലസമിതി തെരഞ്ഞെടുത്ത സംസ്ഥാനത്തെ 8 ജില്ലകളിൽനിന്നുള്ള മേൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളെ പ്രചോദനം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അനുമതിനൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ അദീല അബ്ദുള്ള ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
സംസ്ഥാന ഭിന്നശേഷികമ്മീഷണർ, സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റ്, ആഞ്ജനേയ, ശാസ്തമംഗലം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
സാമൂഹ്യനീതി (എ) വകുപ്പ് (സ്റ്റേറ്റ് അഡ്വൈസി ബോർഡ് മെമ്പേഴ്സിന് നൽകുന്നതിലേക്കായി )
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂമീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് - സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ പി.എ. ക്ക് .

3944
22/10/12

4th order

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യക്ഷേമ വകുപ്പ് - മാനസിക/ശാരീരിക വെല്ലുവിളികൾ നേരിടുന്നതിനാൽ അവശത അനുഭവിക്കുന്നവരെ പരിചരിക്കുന്നവർക്കുള്ള ധനസഹായ പദ്ധതി (ആശ്വാസകിരണം) - പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യക്ഷേമ (സി) വകുപ്പ്

സ.ഉ.(എം.എസ്)നം. 60/2012/സാക്ഷേവ തിരുവനന്തപുരം, തിയതി: 11.10.2012

---

പരാമർശം:-1. സ.ഉ.(എം.എസ്)നം. 9/2011/സാക്ഷേവ തീയതി 28.01.2011

2. സ.ഉ.(എം.എസ്)നം. 374/2011/സാക്ഷേവ തീയതി 14.10.2011
3. കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.07.2011 ലെ പി 1/100/2011/കെ.എസ്.എസ്.എം. നമ്പർ കത്ത്
4. 09.07.2012 ലെ സ.ഉ.(എം.എസ്.) നം.41/2012/സാക്ഷേവ
5. കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 05.08.2011 ലെ പി 4/1411/2011/കെ.എസ്.എസ്.എം. നമ്പർ കത്ത്

**ഉത്തരവ്**

ശയ്യാവലംബരായവരെ പരിചരിക്കുന്നവർക്ക് ധന സഹായം നൽകുന്ന ആശ്വാസ കിരണം പദ്ധതി പ്രകാരം 10,000 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുമെന്നും പദ്ധതിയിൽ കൂടുതൽ വിഭാഗം ഗുണഭോക്താക്കളെ ഉൾപ്പെടുത്തുമെന്നും സർക്കാരിന്റെ 100 ദിന കർമ്മ പദ്ധതിയിൽ പ്രഖ്യാപിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി പദ്ധതി വിപുലീകരിക്കുന്നത് സംബന്ധിച്ച ഒരു പ്രൊപ്പോസൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സമർപ്പിക്കുകയുണ്ടായി. 11.11.2011 ൽ ചേർന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗത്തിൽ നിലവിലുള്ള പദ്ധതിയിൽ ആവശ്യമായ ഭേദഗതികൾ നിർദ്ദേശിക്കപ്പെട്ടു. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി.

2. നിലവിൽ ആനുകൂല്യം ലഭിക്കുന്ന ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം. സെറിബ്രൽ പാൾസി, മാനസിക വൈകല്യം ഉള്ളവർ, മാനസിക രോഗികൾ എന്നിവർക്കു പുറമേ പ്രായാധിക്യം കൊണ്ടും, ക്യാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലാകുകയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള മുഴുവൻ ആളുകളുടെയും പരിചാരകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നു. 100% അന്ധരായവർക്ക് പരസഹായം ആവശ്യമായതിനാൽ അവരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നു.

3. ഡോക്ടർമാർ നൽകുന്ന സർട്ടിഫിക്കറ്റിൽ ശതമാനം രേഖപ്പെടുത്തേണ്ടതില്ല. ശയ്യാവലംബരുടെ കാര്യത്തിൽ Bed ridden എന്നും പരിചാരകരുടെ സഹായം ആവശ്യമായി വരുന്ന മറ്റു വിഭാഗങ്ങളുടെ കാര്യത്തിൽ "needs a full time caregiver" എന്നും രേഖപ്പെടുത്തുന്ന തരത്തിൽ സർട്ടിഫിക്കറ്റിൽ മാറ്റം വരുത്തേണ്ടതാണ്.

4. നിലവിൽ സർക്കാർ ഡോക്ടർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് സഹായം അനുവദിച്ചു വരുന്നത്. പ്രസ്തുത നടപടിക്രമം തുടരുന്നതാണ്.

5. ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യം എന്നിവയ്ക്ക് വരുമാന പരിധി (Income certificate) ഒഴിവാക്കി പരിഗണിക്കുന്നതാണ്.

6. ക്ഷേമ പെൻഷൻ ആനുകൂല്യങ്ങൾ (വിധവാ പെൻഷൻ, വാർദ്ധക്യ പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ തുടങ്ങിയവ) ലഭിക്കുന്നവർക്കും അവർ ചെയ്യുന്ന സേവനം പരിഗണിച്ച് (അവർ ശയ്യാവലംബരായ വ്യക്തികളെ പരിചരിക്കുന്നു എന്നത്) പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്. എന്നാൽ, ഇത്തരം പെൻഷനുകൾ ഒന്നും ലഭിക്കാത്തവർക്ക് മുൻഗണന നല്കുന്നതാണ്.

7. പരിചാരകൻ പരിചരിക്കപ്പെടുന്ന വ്യക്തിയുടെ റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടില്ലയെങ്കിൽ ബന്ധം തെളിയിക്കുന്നതിനും, ടിയാളാണ് ബന്ധപ്പെട്ട രോഗിയെ പരിചരിക്കുന്നതെന്നതിനും സി.ഡി.പി.ഒ./സൂപ്പർവൈസർ നൽകുന്ന സാക്ഷ്യപത്രം നൽകേണ്ടതാണ്.

8. നിലവിലുള്ള അപേക്ഷയിൽ അപേക്ഷകൻ സ്ഥിരവരുമാനമുള്ള ആളാണോ എന്നെഴുതുന്നതിനു പകരം അപേക്ഷകൻ സർക്കാർ/അർദ്ധസർക്കാർ/സ്വകാര്യ സ്ഥാപന ജീവനക്കാരനോ, സർക്കാർ/പൊതുമേഖലാസ്ഥാപനങ്ങളിൽ നിന്നും പെൻഷൻ/ ഹോണറേറിയം/ റമ്യൂണറേഷൻ പറ്റുന്ന ആളാണോ ആണെങ്കിൽ പ്രതിമാസ വരുമാനം രേഖപ്പെടുത്തുന്ന തരത്തിൽ അപേക്ഷയിൽ മാറ്റം വരുത്തുന്നതാണ്.

9. അപേക്ഷകൾ പരിശോധിച്ച് അന്വേഷണ റിപ്പോർട്ട് സൂപ്പർവൈസർ തയ്യാറാക്കുമ്പോൾ അപേക്ഷക/അപേക്ഷകൻ, പരിചരിക്കപ്പെടുന്ന വ്യക്തിയെ പൂർണ്ണ സമയവും പരിചരിച്ചു വരുന്നു എന്നോ, അല്ലെങ്കിൽ പരിചരിക്കപ്പെടുന്ന വ്യക്തി അപേക്ഷകന്റെ/യുടെ പൂർണ്ണ സംരക്ഷണത്തിലാണ് കഴിഞ്ഞു വരുന്നത് എന്നോ രേഖപ്പെടുത്തേണ്ടതാണ്.

10. പദ്ധതിയിൽ ധനസഹായം അനുവദിച്ചവരുടെയും തിരസ്ക്കരിച്ചവരുടെയും വിവരങ്ങൾ യഥാസമയം തന്നെ പഞ്ചായത്ത് അടിസ്ഥാനത്തിൽ തയ്യാറാക്കി ബന്ധപ്പെട്ട ശിശുവികസന പദ്ധതി ആഫീസർക്ക് നൽകേണ്ടതാണ്.

11. പദ്ധതി അനുസരിച്ച് ആനുകൂല്യം പറ്റുന്നവരുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററുകൾ അതാത് സി.ഡി.പി.ഒ. ആഫീസുകളിലും അംഗൻവാടി തലത്തിലും സൂക്ഷിക്കേണ്ടതാണ്.

12. അപേക്ഷക/ൻ (പരിചാരക/ൻ) യോ, പരിചരിക്കപ്പെടുന്ന വ്യക്തിയോ മരണപ്പെടുകയാണെങ്കിൽ വിവരം അംഗനവാടി വർക്കർമാർ യഥാസമയം ബന്ധപ്പെട്ട സൂപ്പർവൈസർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. മരണം റിപ്പോർട്ട് ചെയ്യുന്നതിന് ഒരു നിശ്ചിത ഫോറം തയ്യാറാക്കി നൽകേണ്ടതാണ്.

13. ആശ്വാസ കിരണം പദ്ധതിയ്ക്ക് അർദ്ധ വാർഷികമായി റിപ്പോർട്ട് ശേഖരിക്കേണ്ടതാണ്. ആയതിലേക്ക് ഒരു നിശ്ചിത ഫോറം തയ്യാറാക്കി വിശദാംശം ശേഖരിക്കേണ്ടതാണ്.

14. മേൽ പദ്ധതി നടത്തിപ്പിന്/ വിപുലീകരണത്തിന് ആവശ്യമായ തുക, കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ബജറ്റു വിഹിതത്തിൽ നിന്നും കണ്ടെത്തേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ഡോ.കെ.എം. എബ്രഹാം
പ്രിൻസിപ്പൽ സെക്രട്ടറി

സാമൂഹ്യക്ഷേമ ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, പൂജപ്പുര, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, (എ & ഇ /ആഡിറ്റ്) കേരള, തിരുവനന്തപുരം.
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്(16.08.2012 ലെ 11629/A2/12/plg പ്രകാരം)
ധനകാര്യ വകുപ്പ് (04.07.2012 ലെ 47382/WW2/12/Fin. പ്രകാരം )
പൊതുജന സമ്പർക്ക വകുപ്പ് - പ്രസിദ്ധീകരണത്തിനും വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിനുമായി

കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

R. Vijay

സെക്ഷൻ ഓഫീസർ